പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 146 06.03.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സി. കമറുദ്ദീൻ<br>" പി.കെ.ബഷീർ<br>" എൻ .എ.നെല്ലിക്കുന്ന് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ പ്രാധാന്യമുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു വരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും, കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള വസ്തുവിലും, ക്യാന്റീൻ സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസിലെയും, ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നല്കി വരികയാണ്. 2017-18 ലെ പ്രതിമാസ ശരാശരി വരുമാനമായ 1.70 കോടി രൂപയിൽ നിന്നും പ്രതിമാസ ശരാശരി വരുമാനം 3.14 കോടി രൂപയായി നിലവിൽ വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | ബസ്സ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിർമ്മാണം നടന്നു കൊണ്ടിരുന്ന വാണിജ്യ സമുച്ചയങ്ങളുടെ കരാറുകാർക്ക് ബിൽ തുക നൽകുവാൻ കഴിയാത്തതിനാൽ ടി പ്രവൃത്തികൾ നിർത്തി വച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ നിലവിൽ കെ.എസ്.ആർ.ടി. സി.യുടെ മറ്റ് ഡിപ്പോകളിൽ വ്യാപാര സമുച്ചയ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**